## ഡി.പി.ഐ ഓഫീസിനുമുന്നിൽ
# അധ്യാപകരുടെ കൂട്ടധർണ
**2015 മാർച്ച് 28 ന് രാവിലെ 10 മണിമുതൽ**

## *നൂൺമീൽ സൂപ്പർവൈസർ തസ്തിക പ്രൈമറി ഹെഡ്മാസ്റ്ററുടെ പ്രമോഷൻ തസ്തികയായി അംഗീകരിച്ച് നിയമനം നടത്തുക*

സുഹൃത്തേ,

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഇന്നുള്ള ഉച്ചഭക്ഷണ പദ്ധതി പലഘട്ടങ്ങളിലായി വികസിച്ചു വന്നതാണ്. ഇന്നത്തെ നിലയിൽ ഈ പദ്ധതി വരുന്നതിനുമുമ്പ് പലരൂപത്തിലും വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ പദ്ധതി ഉണ്ടായിരുന്നു. ഈ ഘട്ടത്തിലെല്ലാം ഈ പദ്ധതിയ്ക്കുവേണ്ടി പ്രവർത്തിച്ചത് കേരളത്തിലെ അധ്യാപക സമൂഹമാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നൂൺമീൽ സൂപ്പർ വൈസർ തസ്തികയിലേക്ക് ഈ മേഖലയിൽ അർപ്പണ മനോഭാവത്തോടെ പ്രവർത്തിച്ച് പരിചയമുള്ള പ്രൈമറി ഹെഡ്മാസ്റ്റർമാരെ നിയമിക്കണമെന്ന ആവശ്യം തികച്ചും ന്യായമാണ്. ഈ പദ്ധതിയുടെ മേൽനോട്ട ചുമതല ഇത് നടത്തി പരിചയമുള്ള പ്രൈമറി അധ്യാപകർക്കാണ് ശരിയായി നിർവ്വഹിക്കാൻ കഴിയുന്നത്. ഈ ആവശ്യം നേടിയെടുക്കുന്നതിനുവേണ്ടി കേരളത്തിലെ അധ്യാപക സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2015 മാർച്ച് 28 ന് കാലത്ത് 10 മണിമുതൽ ഒരു മണിവരെ ഡി.പി.ഐ ഓഫീസിനുമുന്നിൽ കൂട്ടധർണ നടത്തുന്നു. ധർണയും തുടർപ്രക്ഷോഭവും വിജയിപ്പിക്കാൻ മുഴുവൻ അധ്യാപക സുഹൃത്തുക്കളോടും അഭ്യർത്ഥിക്കുന്നു.

വിധേയൻ,

| | |
|---|---|
| **പി ഹരിഗോവിന്ദൻ**<br>(സംസ്ഥാന പ്രസിഡന്റ് കെ.പി.എസ്.ടി.യു)<br>ചെയർമാൻ | **കെ എൻ സുകുമാരൻ**<br>(സംസ്ഥാന പ്രസിഡന്റ് കെ.എസ്.ടി.എ)<br>ജനറൽ കൺവീനർ |

കൺവീനർമാർ

| | | |
|---|---|---|
| **എം സലാഹുദ്ദീൻ**<br>ജനറൽ സെക്രട്ടറി ജി.എസ്.ടി.യു | **ആർ ശരത്ചന്ദ്രൻ നായർ**<br>സംസ്ഥാന പ്രസിഡന്റ് എ.കെ.എസ്.ടി.യു | **വി ഉണ്ണികൃഷ്ണൻ**<br>സംസ്ഥാന പ്രസിഡന്റ് എൻ.ടി.യു |

## അധ്യാപക സംഘടനാ കോ-ഓർഡിനേഷൻ കമ്മിറ്റി

***POSTER***

## നൂൺമീൽ സൂപ്പർവൈസർ തസ്തിക
## പ്രൈമറി ഹെഡ്മാസ്റ്ററുടെ പ്രമോഷൻ തസ്തികയായി
## അംഗീകരിച്ച് നിയമനം നടത്തുക

**2015 മാർച്ച് 28 ന് രാവിലെ 10 മണിമുതൽ**

**ഡി.പി.ഐ ഓഫീസിനുമുന്നിൽ**

# അധ്യാപകരുടെ കൂട്ടധർണ

**അധ്യാപക സംഘടനാ കോ-ഓർഡിനേഷൻ കമ്മിറ്റി**